# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/243/2017 2017 നവംബർ 17

## പത്രക്കുറിപ്പ്

### എം.ജി. വിദ്യാർത്ഥി അദാലത്ത്: പരാതികൾ സമർപ്പിക്കാം

മഹാത്മാഗാന്ധി സർവ്വകലാശാല ഡിസംബർ 4, 6, 8 തീയതികളിൽ നടത്തുന്ന വിദ്യാർത്ഥി അദാലത്തിൽ പരിഗണിക്കാനുള്ള പരാതികൾ, ഡെപ്യൂട്ടി രജിസ്ട്രാർ (പ്ലാനിംഗ്), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ ഓൺലൈനായല്ലാതെയും നവംബർ 25 വരെ സമർപ്പിക്കാവുന്നതാണ്. പരീക്ഷ സംബന്ധിച്ച വിശദമായ വിവരങ്ങളും ബന്ധപ്പെട്ട രേഖകളും പരാതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. സർവ്വകലാശാലയിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ, മാർക്ക്‌ലിസ്റ്റുകൾ തുടങ്ങിയ സേവനങ്ങൾക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ന്യൂനതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് അയച്ചിരിക്കുന്ന മെമ്മോയ്ക്കുള്ള മറുപടി ആവശ്യമായ രേഖകൾ സഹിതം നവംബർ 29നകം സമർപ്പിക്കേണ്ടതാണ്.

### അപേക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്സ്)/ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്)/ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2015ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകൾ ഡിസംബർ 8 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 24 വരെയും 50 രൂപ പിഴയോടെ 25 വരെയും 500 രൂപ സൂപ്പർഫൈനോടെ 27 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

### പ്രാക്ടിക്കൽ

2017 ഒക്ടോബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ മൂന്നും അഞ്ചും സെമസ്റ്റർ ബി.എ. ഭരതനാട്യം, മോഹിനിയാട്ടം (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഭരതനാട്യം, മോഹിനിയാട്ടം കോംപ്ലിമെന്ററി അഭിനയസംഗീതം പ്രാക്ടിക്കൽ നവംബർ 27 മുതൽ ഡിസംബർ 8 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പുതുക്കിയ ബി.എഡ്. പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലും സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസിന് കീഴിലുള്ള സ്ഥാപനങ്ങളിലും നവംബർ 28ന് ആരംഭിക്കാനിരുന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2017 അഡ്മിഷൻ റഗുലർ/2015, 16 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഡിസംബർ 11 മുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

### പരീക്ഷാഫലം

2016 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്.സി. (സി.ബി.സി.എസ്.എസ്., മോഡൽ 1, 2, 3, 2016 അഡ്മിഷൻ റഗുലർ & 2013 മുതൽ 2015 വരെ അഡ്മിഷൻ റീഅപ്പിയറൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 4 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്. മോഡൽ 1, 2, 3, 2013 മുതൽ 2016 വരെ അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ അപേക്ഷിക്കാം.

2017 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (നോൺ സി.എസ്.എസ്. സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.ഡബ്ല്യു. (പി.ജി. സി.എസ്.എസ്. റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ അപേക്ഷിക്കാം.

2017 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യു. (നോൺ സി.എസ്.എസ്. മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (സപ്ലിമെന്ററി പഴയ സ്കീം 2014ന് മുമ്പുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 29 വരെ അപേക്ഷിക്കാം.

2016 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ 29 വരെ അപേക്ഷിക്കാം.

2017 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ & ജേർണലിസം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 29 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (സപ്ലിമെന്ററി പഴയ സ്കീം 2014ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 29 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 29 വരെ അപേക്ഷിക്കാം.

**നാടകോത്സവം**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നാടകോത്സവം ഡിസംബർ 15, 16 തീയതികളിൽ തൊടുപുഴ മർച്ചന്റ്സ് അസോസിയേഷൻ ഹാളിൽ വച്ച് നടത്തും. പങ്കെടുക്കാൻ താല്പര്യമുള്ള കോളേജ് ടീമുകൾ നാടകസംഗ്രഹത്തിന്റെ നാലു കോപ്പികൾ, പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം, മത്സരാർത്ഥികളുടെ കോളേജ് തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ഡിസംബർ 6നകം സർവ്വകലാശാലാ യൂണിയൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**മൂല്യനിർണ്ണയത്തിന് ഹാജരാകണം**

2017ൽ നടന്ന രണ്ടും മൂന്നും അഞ്ചും സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിരുദ പരീക്ഷകളുടെ ഇംഗ്ലീഷ്, കൊമേഴ്സ് എന്നീ വിഷയങ്ങളുടെ മൂല്യനിർണ്ണയത്തിനായി അദ്ധ്യാപകർ മേഖലാ ക്യാമ്പുകളിൽ ഹാജരാകേണ്ടതാണ്. ഹാജരാകാത്ത അദ്ധ്യാപകർക്കെതിരെ സർവ്വകലാശാല നടപടികൾ സ്വീകരിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**